# ഗണപതി വിലാസം
## ജെ. ബി. എസ്. കോടിയേരി.

# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26

# ആമുഖം

തലശ്ശേരി സൗത്ത് ഉപജില്ലയിൽ തലശ്ശേരി നഗരസഭയുടെ അതിർത്തിയിൽ മാഹി നഗരസഭയാൽ ചുറ്റപ്പെട്ടതാണ് ഗണപതിവിലാസം ജൂനിയർ ആന്റ് പ്രി ബേസിക് സ്കൂൾ.

1929-ൽ സ്ഥാപിതമായ ഈ വിദ്യാലയം ബഹുമാനപ്പെട്ട ശ്രീ ഗോപാലൻ മാസ്റ്ററുടെ മാനേജ്മെന്റിലാണ് പ്രവർത്തിച്ചു തുടങ്ങിയത്. മഹാത്മാഗാന്ധിയുടെ നയിത്താലിം വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ജൂനിയർ ആന്റ് പ്രി-ബേസിക് സ്കൂളായി പ്രവർത്തനം പുരോഗമിച്ചു.

നിലവിൽ 1 മുതൽ 5 വരെ ക്ലാസുകളും അതോടൊപ്പം ഒരു പ്രി-ബേസിക് ക്ലാസുമാണ് ഉള്ളത്. പ്രി ബേസിക് ക്ലാസിൽ നഴ്സറി പരിശീലനം കിട്ടിയ ഒരധ്യാപികയും 1 മുതൽ 5 വരെ ക്ലാസുകളിൽ ടി.ടി.സി അടിസ്ഥാന യോഗ്യതയുള്ള 5 അധ്യാപകരും പ്രവർത്തിച്ചു വരുന്നു. നിലവിൽ വിദ്യാലയം അനാദായകരമാണ്. പ്രി-ബേസിക് ക്ലാസിൽ 14 ഉം ഒന്നു മുതൽ അഞ്ച് വരെ ക്ലാസുകളിൽ 52 ഉം വിദ്യാർത്ഥികൾ ഇപ്പോൾ അധ്യയനം നടത്തി വരുന്നു.

മൂന്നു ഭാഗത്തും പള്ളൂർ എന്ന പുതുച്ചേരി ഭരണ പ്രദേശമാണ്. പള്ളൂർ നോർത്ത് എൽ പി സ്കൂളും പള്ളൂർ ഹൈസ്കൂളും 150 മീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്നു. പള്ളൂർ മേഖലയിലെ കുട്ടികൾ അവരുടെ വിദ്യാലയത്തിൽ തന്നെ പഠിക്കാനുള്ള താൽപര്യം കാണിക്കുന്നതിനാൽ (CBSE) തലശ്ശേരി നഗരസഭയുടെ 22ാം വാർഡിന്റെ കിഴക്കേ അറ്റത്തുള്ള ചെറിയ പ്രദേശത്തെയും ചൊക്ലി ഗ്രാമ പഞ്ചായത്തിന്റെ വെസ്റ്റ് നിടുമ്പ്രം ഭാഗത്തെയും കുട്ടികൾ മാത്രമാണ് വിദ്യാലയത്തിൽ എത്തിച്ചേരുന്നത്. ഏറെ രക്ഷിതാക്കളും നല്ല ഇംഗ്ലീഷ് വിദ്യാഭ്യാസം ആഗ്രഹിക്കുന്നതിനാൽ കുട്ടികളുടെ എണ്ണം കുറച്ച് അധ്യയന വർഷമായി കുറഞ്ഞു കൊണ്ടിരിക്കുന്നു. സ്കൂളിന്റെ 200 മീറ്ററിനുള്ളിൽ തന്നെ രണ്ട്

പ്രൈവറ്റ് വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരുന്നു. കുട്ടികളുടെ കുറവ് പരിഹരിക്കാൻ ആവശ്യമായ കർമ്മപരിപാടികൾ എന്ന നിലയിൽ SRG യും വിദ്യാലയ വികസന സമിതിയും പി.ടി.എ യും ധാരാളം പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി മുഴുവൻ ഇന്റർലോക്ക് പാകിയിട്ടുണ്ട്.

ഓരോ ക്ലാസിലെയും വിദ്യാർഥികൾ ആർജ്ജിക്കേണ്ടുന്ന മുഴുവൻ ശേഷികളും ആർജ്ജിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതാണ് പ്രഥമ പരിഗണന നൽകേണ്ടത് എന്ന് തിരിച്ചറിഞ്ഞ് കൊണ്ട് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ കരട് സമർപ്പിക്കുന്നു.

## അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ഗണപതിവിലാസം ജെ ബി എസ്

സ്കൂൾ കോഡ് : 14232

സ്ഥാപിത വർഷം : 01-05-1929

ജില്ല : കണ്ണൂർ

വിദ്യാഭ്യാസ ജില്ല : തലശ്ശേരി സൗത്ത്

മുനിസിപ്പാലിറ്റി : തലശ്ശേരി

വാർഡ് : 29

ക്ലസ്റ്റർ : തലശ്ശേരി 2

യുഡൈസ് കോഡ് : 32020300839

Mob : 9961385420

E-mail : ganapathivilasam@gmail.com

## പൊതുലക്ഷ്യങ്ങൾ

* സ്കൂൾ വിദ്യാഭ്യാസ നിലവാരം ഉയർത്തി പിടിക്കുന്നതിനായി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിൽ വരുത്തുക.
* ഓരോ ക്ലാസിലെയും കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ നേടിയെന്ന് ഉറപ്പു വരുത്തുന്നതിനായി പ്രതിമാസ ക്ലാസ് പി.ടി.എ കൾ നടത്താൻ ലക്ഷ്യമിടുന്നു.
* വായന മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുന്നു
* പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ/പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾ എന്നിവർക്കായി അക്കാദമികവും ഭൗതികവുമായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കുക.
* ഭാഷ, ഗണിതം, ശാസ്ത്രം മേഖലകളിലുള്ള അഭിരുചി വളർത്താനായി അതത് ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഒരുക്കുന്നു.
* 'ലഹരി മുക്ത കേരളം' ലക്ഷ്യം വെച്ചു കൊണ്ട് ജനജാഗ്രത സമിതിയുടെ നേതൃത്വത്തിൽ പ്രതിമാസ പ്രവർത്തനങ്ങൾ ഒരുക്കുന്നു.
* വിദ്യാലയത്തിൽ ജൈവവൈവിധ്യ ഉദ്യാനവും പച്ചക്കറിത്തോട്ടവും ഒരുക്കൽ
* സമ്പൂർണ്ണ പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം.
* ലോകായിക പ്രവൃത്തി പരിചയ മേഖലകളിൽ പരിശീലനം നൽകി അർഹമായ പ്രോത്സാഹനവും നൽകിക്കൊണ്ട് അംഗീകാരം ലഭ്യമാക്കൽ

# 2025-26 അക്കാദമിക വർഷം വിദ്യാലയം നടപ്പിലാക്കുന്ന പഠനനേട്ടങ്ങൾ/മികവുകൾ

ഭാഷ :-

* ഒന്നു മുതൽ അഞ്ച് വരെയുള്ള മുഴുവൻ വിദ്യാർഥികളും സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണമായ പദങ്ങൾ എഴുതുന്നു, വാക്യങ്ങൾ എഴുതുന്നു, ആശയങ്ങൾ എഴുതുന്നു.
* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു.
* വായന പരിപോഷണം.
* ഒരു വ്യവഹാര രൂപത്തെ വ്യത്യസ്ത രൂപത്തിൽ ആവിഷ്കരിക്കുന്ന
* സർഗാത്മക രചനകളിലേർപ്പെടുന്നു.
* ശബ്ദവും ലിപിയും പൊരുത്തപ്പെടുത്തി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു.

ഗണിതം :-

* ഗണിതത്തിൽ താൽപര്യം വർധിപ്പിക്കുക.
* ഒന്നിലും രണ്ടിലും സംഖ്യാബോധവും സങ്കലന വ്യവകലന ക്രിയകൾ മനസിലാക്കാനും ചെയ്യാനും സാധിക്കുക.
* പ്രശ്നങ്ങൾ വിശകലനം ചെയ്ത് ഉത്തരം കണ്ടെത്തുന്നതിനുള്ള കഴിവ് 3,4,5 ക്ലാസിലെ കുട്ടികൾക്ക് ഉറപ്പാക്കുക.

ഇംഗ്ലീഷ് :-

* ഇംഗ്ലീഷ് ഭാഷ കേട്ട് ആശയം മനസിലാക്കാനും സ്വന്തമായി ആശയങ്ങൾ പ്രകടിപ്പിക്കാനും കുട്ടികളെ പ്രാപ്തരാക്കുക.
* ഇംഗ്ലീഷ് പദസമ്പത്ത് വർധിപ്പിക്കുന്നു.

ശാസ്ത്രം :-

* ശാസ്ത്രാഭിരുചി വളർത്തുക
* നിരീക്ഷണ പരീക്ഷണങ്ങൾ ദൈനംദിന ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നു.

## നടപ്പിൽ വരുത്തുന്ന രീതി

പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഒരു യൂണിറ്റായും 1,2,3 ക്ലാസുകൾ / 4,5 ക്ലാസുകൾ എന്നിവരെ മറ്റ് രണ്ട് യൂണിറ്റായും പരിഗണിച്ച് പ്രവർത്തനങ്ങൾ ആസൂത്രണവും നിർവ്വഹണവും.

പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ.

വിഷയം : മലയാളം

| ലക്ഷ്യം | പ്രവർത്തനം | നടപ്പാക്കുന്ന കാലം |
|---|---|---|
| പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തി പ്രവർത്തനങ്ങൾ നൽകൽ. | * പ്രീ ടെസ്റ്റ്<br>* അക്ഷരം ഉറപ്പിക്കൽ<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷരകാർഡ് നൽകൽ. | ജൂൺ to ജൂലൈ |
| ശബ്ദവും ലിപിയും പൊരുത്തപ്പെടുത്തി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു. | * പദകാർഡ് നൽകൽ<br>* അക്ഷരകാർഡ് നൽകൽ.<br>* പദങ്ങൾക്കിടയിൽ വരയിടൽ?<br>* ആദ്യം ആര്? കൂടുതൽ ആർക്ക്? | ആഗസ്റ്റ് സെപ്റ്റംബർ |
| സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണമായ പദങ്ങൾ എഴുതുന്നു. വാക്യങ്ങൾ എഴുതുന്നു. ആശയങ്ങൾ എഴുതുന്നു. | * പദനിർമ്മാണം<br>* വാക്യനിർമ്മാണം<br>* വാക്കുകൾ കണ്ടെത്തൽ<br>* ഒരേ പദങ്ങൾ ?<br>* പൂരിപ്പിക്കൽ | ആഗസ്റ്റ് ഡിസംബർ |

## English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പാക്കേണ്ട കാലം |
|---|---|---|
| ലളിതമായ കഥകൾ കേട്ട് ആസ്വദിക്കുന്നു. | Simple Stories<br>Words Cards<br>CD യിൽ കഥകൾ കേട്ടും കണ്ടും ആസ്വദിക്കുന്നു. | എല്ലാ ആഴ്ചയിലും |
| ഇംഗ്ലീഷ് ഭാഷയുടെ ആശയം മനസ്സിലാക്കുന്നതിനും ആശയങ്ങൾ പ്രകടിപ്പിക്കാനും കഴിയുന്നു. (Communication) | Picture Description<br>Who am I ?<br>Fruits Salad game. | എല്ലാ ദിവസവും<br>ജൂലൈ |

## ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 100 വരെയുള്ള സംഖ്യകൾ തിരിച്ചറിയുകയും സാമാന്യമായ സംഖ്യാബോധം ഉറപ്പിക്കുകയും ചെയ്യുന്നു. | * സംഖ്യാകാർഡുകൾ നൽകൽ.<br>* പറയാം എഴുതാം<br>* ആദ്യം ആര്?<br>* നടുവിൽ ആര്?<br>* ശേഷം ആര്?<br>* ഒന്നിടവിട്ട സംഖ്യകൾ എഴുതാം.<br>* കൂട്ടുകാരെ കണ്ടെത്താം. | ജൂലൈ<br>നവംബർ |

പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. താൽപ്പര്യം ജനിപ്പിക്കുന്നു. കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുന്നു. | ക്ലാസിൽ പരീക്ഷണ മൂല ഒരുക്കുന്നു. സന്ദർഭത്തിനനുസരിച്ച് പരീക്ഷണം ചെയ്യുന്നു. ആഴ്ചയിൽ ഒരു പരീക്ഷണം. | ജൂലായ് ഫെബ്രുവരി |
| പരിസ്ഥിതിസൗഹൃദ മനോഭാവം ജനിപ്പിക്കൽ | ഫീൽഡ് ട്രിപ്പ് പരിസരനടത്തം | ജനുവരി |

I, II & III ക്ലാസിലെ കുട്ടികൾക്കുള്ള പ്രവർത്തനം:

ഭാഷ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം. |
|---|---|---|
| സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണമായ പദങ്ങൾ എഴുതുന്നു. വാക്യങ്ങൾ എഴുതുന്നു. ആശയങ്ങൾ എഴുതുന്നു. | * പദനിർമ്മാണം<br>* വാക്യനിർമ്മാണം<br>* വാക്കുകൾ കണ്ടെത്തൽ.<br>* ഉചിത പദങ്ങൾ പൂരിപ്പിക്കൽ. | ആഗസ്റ്റ് ഡിസംബർ. |

| | | |
|---|---|---|
| വായന പരിപോഷിപ്പിക്കുന്നു. | * വായനാനുഭവങ്ങൾ കുട്ടികൾ പരസ്പരം പങ്കുവയ്ക്കൽ.<br>* പുസ്തകക്വിസ് സംഘടിപ്പിക്കൽ<br>* വായിച്ച ലൈബ്രറി പുസ്തകങ്ങളെ കുറിച്ച് തയ്യാറാക്കൽ അവതരിപ്പിക്കൽ.<br>* പത്രവായന, ഡയറി കുറിപ്പ് തുടങ്ങിയവ അസംബ്ലിയിൽ അവതരിപ്പിക്കൽ<br>* വായനാകാർഡ് നിർമ്മാണം | ജൂൺ to മാർച്ച്. |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു. | * അക്ഷരക്കാർഡ് വിതരണം ചെയ്ത വായനയിലേക്ക് ഊന്നൽ നൽകൽ.<br>* ആഭരണമണിയൽ<br>* അക്ഷര - ചിത്ര - വാക്യ കാർഡുകൾ ഉപയോഗപ്പെടുത്തി വായന.<br>* വാക്യത്തിനനുയോജ്യമായ ചിത്രം നിർമ്മിക്കൽ.<br>* അക്ഷരപ്പാട്ടുകൾ ശേഖരണം, അവതരണം | ജൂൺ to ആഗസ്റ്റ്. |

| | | |
|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ | * ആശംസാകാർഡുകൾ<br>* സംയുക്ത ഡയറി<br>* ചിത്രകഥ പൂർത്തിയാക്കൽ | ആഗസ്റ്റ് to മാർച്ച് |
| അക്ഷരശുദ്ധി, വാക്യശുദ്ധി, ചിഹ്നം, ഇടവിടൽ എന്നിവ പാലിച്ച് രചനയിൽ ഏർപ്പെടുന്നു. | * നിശ്ചിത പാഠഭാഗം നോക്കി എഴുതൽ. വാക്യങ്ങൾ എഴുതിയ കാർഡ് നൽകൽ | ഒക്ടോബർ നവംബർ. |
| ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുവാനുള്ള ശേഷി ഉണ്ടാകുന്നു. | * വിവിധ കലാപരിപാടികൾ അവതരിപ്പിക്കൽ.<br>* സ്കിറ്റ്.<br>* കടങ്കഥ [illegible]<br>* [illegible]. | |

## English:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| നിർദ്ദേശങ്ങൾ മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കാനുള്ള ശേഷി വളർത്തിയെടുക്കൽ. | Language game<br>Dialogue<br>Word game<br>Word Puzzles | ജൂലൈ ആഗസ്റ്റ്. |

| | | |
|---|---|---|
| വായനാ മെച്ചപ്പെടുത്തൽ | Reading Cards.<br>Picture description<br>riddles. | എല്ലാ ആഴ്ചയും. |
| കുട്ടികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തൽ. | * Letter Card<br>* Word Card<br>* Rearrange the letters and Words<br>* action Songs.<br>* Puzzles.<br>* Audio, Vedio സംവിധാനങ്ങൾ ഉപയോഗിച്ച് Rhymes, stories എന്നിവ കേൾപ്പിക്കൽ. | June to March. |
| ഇംഗ്ലീഷ് സംസാര-ശേഷി വികസിപ്പി-ക്കുന്നു | * ~~Class room~~ ~~[illegible]~~<br>Communicative English class ആഴ്ചയിൽ ഒരു ദിവസം | September to February. |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. |
|---|---|---|
| നിരീക്ഷണം, താരതമ്യം, വർഗ്ഗീകരണം എന്നിവ പരിപോഷിപ്പിക്കുന്നു. ശാസ്ത്രീയ വീക്ഷണം രൂപപ്പെടുന്നു. | പരിസരപഠനം നിരീക്ഷണം. ഫീൽഡ് ട്രിപ്പ് | ജൂലായ്. ഫെബ്രുവരി. ജനുവരി |
| വിവിധ ആഘോഷവേളകളിൽ ഉണ്ടാവുന്ന രീതിയിൽ ഒരുക്കങ്ങൾ ചടങ്ങുകൾ എന്നിവയിലൂടെ സാമ്യവ്യത്യാസങ്ങൾ തിരിച്ചറിയുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നു. | സി.ഡി പ്രദർശനം. ആഘോഷവേളകളുടെ ചിത്രപ്രദർശനം. | ഒക്ടോബർ ഫെബ്രുവരി. |
| ദേശീയ ദിനാഘോഷങ്ങൾ തിരിച്ചറിയുന്നു. | സി.ഡി. പ്രദർശനം അസംബ്ലി ബോധവത്കരണം. ക്ലബ്ബ് പ്രവർത്തനങ്ങൾ. കലണ്ടറിൽ എഴുതൽ | |
| ആഹാരശീലങ്ങൾ/ വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം | * സി.ഡി പ്രദർശനം * ബോധവത്കരണ പരിപാടി * രോഗങ്ങൾക്കെതിരെ ആരോഗ്യവിദഗ്ധരുടെ ക്ലാസ്സ് നോട്ടീസ് തയ്യാറാക്കൽ | |

| | | |
|---|---|---|
| | ശുചിത്വ ശീലം — ശുചിത്വശീലങ്ങൾ ആഹാര ശുചിത്വം പഠിച്ച് തയ്യാറാക്കൽ. | |
| Y സ്വന്തം നാടിനെക്കുറിച്ച് വീടിനെക്കുറിച്ചറിയുന്നു (തൊഴിൽ - തൊഴിലിടം) | * പലതരം വീടുകൾ - (ചിത്രം)<br>* വീടുനിർമ്മാണ ഘട്ടങ്ങൾ സന്ദർശനം.<br>* വീടുനിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിൽ കണ്ടെത്തൽ.<br>* സർവ്വേ.<br>* വിവിധ തരം തൊഴിലുകൾ ചിത്രം | Sept to Dec |
| ജീവികളെ കൂടുതൽ അറിവ്. | * മൃഗങ്ങളുമായി ബന്ധപ്പെട്ട കടങ്കഥകൾ ശേഖരിക്കൽ.<br>* മൃഗ സഞ്ചാര രീതി ചർച്ചചെയ്യുന്നത് | സെപ്റ്റംബർ to ഡിസംബർ |
| വിവിധ വാഹനങ്ങളും റോഡ് നിയമങ്ങളും നിത്യജീവിതത്തിൽ ഉപയോഗപ്പെടുത്തൽ | * ട്രാഫിക് സിഗ്നലുകൾ റോഡ് നിയമങ്ങൾ ഉൾക്കൊള്ളുന്ന ബോധവൽക്കരണക്ലാസ്. | |

| | | |
|---|---|---|
| ലഘുപരീക്ഷണ നിരീക്ഷണങ്ങൾ. | വിദ്യാലയത്തിൽ പരീക്ഷണ ക്ലാസ്. * അസംബ്ലിയിൽ പരീക്ഷണം അവതരിപ്പിക്കൽ. * ജലം 'പഠനം'. ജലത്തെ മലിനമാക്കുന്നതിനെതിരെ പോസ്റ്റർ നിർമ്മാണം. | |
| ഗണിതം. | | |
| 1000 വരെയുള്ള സംഖ്യാബോധം നേടുന്നു. | * സംഖ്യാകാർഡുകൾ നൽകൽ. * ഉറിക്കിളി, മഞ്ചാടി ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കുന്നു. | ജൂലൈ. ആഗസ്ത് |
| സങ്കലനം, വ്യവകലനം, ഗുണനം (2,5,10 എന്നീ) ഗുണിതങ്ങളിൽ പ്രാവീണ്യം നേടൽ | * സംഖ്യാകാർഡ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ. അബാക്കസ്, സംഖ്യാ ചാർട്ട് ഇവയെല്ലാം ഉപയോഗിച്ചുള്ള പ്രവർത്തനം. | ആഗസ്റ്റ്. മാർച്ച്. |

| | | |
|---|---|---|
| കറൻസികൾ പരിചയപ്പെടൽ, വ്യവഹാര ക്രിയകൾ ചെയ്യൽ | *നാണയങ്ങൾ, കറൻസികൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.<br>* കളിനോട്ടുനിർമ്മാണം<br>* കളിനോട്ട് വച്ചുള്ള കളി. | നിരീക്ഷണം |
| ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ. | * കാർഡ് ബോർഡ് വെട്ടി വീട് നിർമ്മാണം.<br>* പാറ്റേൺ നിർമ്മാണം.<br>* തിരിച്ചറിയൽ [illegible]. | ഉത്പന്നങ്ങൾ [illegible] |
| യുക്തിചിന്ത, മനക്കണക്ക് എന്നിവയിൽ പ്രാവീണ്യം നേടൽ. | * യുക്തിചിന്ത വളർത്തുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.<br>* പാറ്റേണുകൾ പൂർത്തിയാക്കൽ. | |
| | | |

# ഭാഷ - IV, V

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ.<br>ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ |
| **വായിക്കാം വളരാം** | | | | |
| വായനാശേഷി വളർത്തൽ | * ക്ലാസ് വായനക്കൂട്ടം<br>* ക്ലാസ് ലൈബ്രറി ഒരുക്കൽ<br>* പുസ്തക പരിചയം<br>* വായനാക്കുറിപ്പ്<br>* ആസ്വാദനക്കുറിപ്പ്<br>* പുസ്തക സംവാദം<br>* ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>ക്ലാസ് ടീച്ചർ | PTA |

ഭാഷ - IV, V

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ.<br>ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ |
| വായിക്കാം വളരാം | | | | |
| വായനാശേഷി വളർത്തൽ | * ക്ലാസ് വായനാക്കൂട്ടം<br>* ക്ലാസ് ലൈബ്രറി ഒരുക്കൽ<br>* പുസ്തക പരിചയം<br>* വായനാക്കുറിപ്പ്<br>* ആസ്വാദനക്കുറിപ്പ്<br>* പുസ്തക സംവാദം<br>* ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖനശേഷി വർദ്ധിപ്പിക്കൽ<br>സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| **കണ്ടറിയാം... കേട്ടറിയാം** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| **രുചിച്ചറിയാം** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | * ഭക്ഷ്യമേള<br>* പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം<br>* ക്ലാസിലൊരു സദ്യ | വർഷത്തിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ<br>PTA | |
| **ഓർക്കാം.... അഭിമാനിക്കാം... (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജനന-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | * ഓർമ്മദിനങ്ങൾ ആചരിക്കൽ<br>* ഡോക്യുമെന്ററി പ്രദർശനം<br>* പുസ്തക പരിചയം<br>* ക്വിസ് | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ<br>PTA | |

| | | | | |
|---|---|---|---|---|
| | * ലഘുപ്രഭാഷണം<br>* ജീവിതരേഖ തയ്യാറാക്കൽ<br>* പതിപ്പ് നിർമ്മാണം<br>* പ്രദർശനം | | | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | * പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്- കലാവതരണം<br>* കലകളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |

## ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | * ഒറിഗാമി ശിൽപശാല<br>* രസകരമായ ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ അനുഭവവും<br>* ഒറിഗാമി, ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | * മെട്രിക് മേള<br>* ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | SSA<br>Staff<br>SMC |
| സംഖ്യാബോധം | നറുക്കെടുക്കൽ, കൂട്ടങ്ങളാക്കൽ, പാറ്റേൺ പൂർത്തിയാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സംഖ്യാബോധം നിലനിർത്തുന്നു. | വർഷം മുഴുവൻ | ഗണിത അധ്യാപകർ | |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | * ക്ലാസിൽ ഒരു കട/കച്ചവട കൗണ്ടർ | വർഷത്തിൽ ഒരിക്കൽ | SRG<br>PTA<br>ഗണിത അധ്യാപകർ | |

IV - Std പരിസരപഠനം / ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനം | നടപ്പാക്കുന്ന കാലം |
|---|---|---|
| തന്റെ പ്രദേശത്തെ സ്വാഭാവിക വാസസ്ഥലങ്ങൾ കണ്ടെത്തി അവിടെയുള്ള ജീവികളെ പട്ടികപ്പെടുത്തൽ | ഫീൽഡ്ട്രിപ്പ്. | ജൂൺ 4. മാർച്ച് ഒന്നാം രണ്ടാം പ്രാവശ്യം. |
| മനുഷ്യരുടെയും ജീവജാലങ്ങളുടെയും നിലനിൽപ്പിന് ആവാസ വ്യവസ്ഥകൾ സംരക്ഷിക്കണം. | പോസ്റ്റർ രചന. നാടകീകരണം. | ജൂൺ ജൂലായ്. |
| ചരിത്രബോധം വളർത്തിയെടുക്കൽ | ചരിത്രക്വിസ്. | ജൂൺ 4 മാർച്ച് |
| കേരളത്തിന്റെ സാംസ്കാരിക വൈവിധ്യം തിരിച്ചറിയൽ നാടൻ കളികൾ പരിചയപ്പെടൽ | * വിവിധ നാടൻ കലകൾ പരിചയപ്പെടാൻ അവസരം<br>* നാടൻകളികളും നാട്ടറിവും ഏകദിന ശില്പശാല | വർഷത്തിൽ ഒരുപ്രാവശ്യം |

| | | |
|---|---|---|
| ബഹിരാകാശ ശാസ്ത്രത്തിൽ താത്പര്യം പ്രകടിപ്പിക്കുന്നു. | * ഇന്ത്യയുടെ ബഹിരാകാശ നേട്ടങ്ങൾ പോസ്റ്റർ പ്രദർശനം.<br>* ആകാശവിസ്മയം. (പ്ലാനറ്റേറിയം സന്ദർശനം) വാനനിരീക്ഷണം. | ജൂലൈ<br>വർഷത്തിൽ ഒരു പ്രാവശ്യം |
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന ലഘു പരീക്ഷണങ്ങളുടെ അവതരണം.<br>ശാസ്ത്രമേള, ശാസ്ത്ര ശില്പശാല സംഘടിപ്പിക്കൽ | ഡിസംബർ<br>വർഷത്തിലൊരു |
| വിസ്തൃതമായ ഒരു പ്രദേശത്തെ ചെറിയ കടലാസിൽ ചിത്രീകരിക്കുന്നു | ഭൂപടവായന, ഭൂപട നിർമ്മാണം<br>പ്രാദേശിക വിഭവ ഭൂപട നിർമ്മാണം | വർഷത്തിൽ ഒരു പ്രാവശ്യം. |
| പഴയകാല/ആധുനിക വാർത്താ വിനിമയ സംവിധാനങ്ങളെക്കുറിച്ച് മനസ്സിലാക്കൽ | വിവിധ വാർത്താവിനിമയ ഉപകരണങ്ങളുടെ ICT പ്രദർശനം | ~~[illegible]~~<br>~~[illegible]~~<br>ഒരു- പ്രാവശ്യ |

# പൊതുപ്രവർത്തനങ്ങൾ

* പിന്നോക്കക്കാർക്കുള്ള അധിക പരിശീലനം.
* ക്വിസ് പ്രോഗ്രാം – ദിനാചരണത്തോടനുബന്ധിച്ച്.
* പത്രവായന – ക്വിസ്.
* റേഡിയോ – വാർത്താ സംപ്രേക്ഷണം
* കടങ്കഥാ മത്സരം.
* ഇംഗ്ലീഷ് അസംബ്ലി
* ഇംഗ്ലീഷ് ഫെസ്റ്റ് / കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്.
* ബോധവത്കരണ ക്ലാസ്.
* ഫീൽഡ്ട്രിപ്പ്.
* ഗണിതമേള / ശില്പശാല.
* ശാസ്ത്ര പരീക്ഷണോത്സവം.
* ലൈബ്രറി ശാക്തീകരണം / റീഡിംഗ് കോർണർ.
* ക്ലാസ് ലൈബ്രറി / – അമ്മവായന.
* ICT – എല്ലാകുട്ടികളെയും ഐ.ടി സാക്ഷര-
തരാക്കുക.
* ഹരിതവിദ്യാലയം
അടുക്കളത്തോട്ടം / പൂന്തോട്ട നിർമ്മാണം
* മാലിന്യമുക്തവിദ്യാലയം
* ആരോഗ്യകായിക വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും
അവസരം.
* ഗൃഹസന്ദർശനം.
* പ്രീ- പ്രൈമറി കഥോത്സവം -

## മോണിറ്ററിംഗ് രീതി

* ഉദ്യോഗസ്ഥതലത്തിലുള്ള മോണിറ്ററിംഗ്.
* ബ്ലോക്ക്തല മോണിറ്ററിംഗ്. (സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി - കമ്മിറ്റി)
* ദൈനംദിന മോണിറ്ററിംഗ് പ്രധാനാധ്യാപിക, SRG കൺവീനർ ( SRG- വിലയിരുത്തൽ).

## ഉപസംഹാരം.

നമ്മുടെ വിദ്യാലയത്തെ നാം ഉദ്ദേശിച്ച ലക്ഷ്യത്തിലേക്ക് എത്തുന്നതിന് എല്ലാ മേഖലകളിൽ നിന്നും ആവശ്യമായ സഹായങ്ങൾ നേടിക്കൊണ്ട് കൂട്ടായ പ്രവർത്തനങ്ങൾ ~~ങ്ങൾ~~ ളിലൂടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള പ്രയത്നത്തിൽ നമുക്ക് പങ്കാളികളാവാം.

## V. സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പഠിതാക്കൾ നേടിയെടുക്കൽ | അക്കങ്ങ്ട്ട - കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രവൃത്തികൾ ഓരോ പഠിതാവിനും നൽകുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | ഓർമ്മച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | " | " | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual field trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | " | " | |

| | | | | |
|---|---|---|---|---|
| 3) ജനാധിപത്യപരമായ ജീവിതശൈലി പഠനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അംഗങ്ങൾ ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | " | " | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതിതാണ്ഡവം: നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | " | " | |
| 5) സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർഥികൾക്ക് അവരാൽ കഴിയുന്ന സേവനം നൽകുന്നു.<br>മിതവ്യയ ശീലത്തിന്റെ ഭാഗമായി | അക്കാദമിക വർഷം | " | പി.ടി.എ |

| | | | | |
|---|---|---|---|---|
| | കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു | | | |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർഥികളെ ബോധവാന്മാരാക്കുന്നു | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | " | " | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | ഫീൽഡ് ട്രിപ്പ്, സർവ്വേ<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | " | " | |